# ഓൺലൈൻ ചൂഷണത്തിന്റെ ലക്ഷണങ്ങൾ

ഓൺലൈൻ ഭീഷണിക്കോ ചൂഷണത്തിനോ ഇരയായ കുട്ടികളിൽ താഴെ കൊടുത്തിരിക്കുന്ന ചില ലക്ഷണങ്ങൾ ഉണ്ടാകാം.

- പെരുമാറ്റത്തിൽ അസാധാരണമായ മാറ്റങ്ങൾ.
- ഉറക്കക്കുറവ്.
- വിശപ്പില്ലായ്മ.
- അവർ മുൻപ് ഇഷ്ടപ്പെട്ടിരുന്ന കാര്യങ്ങളിൽ താല്പര്യമില്ലായ്മ.
- പഠനത്തിലും മറ്റു ചുമതലകളിലും ശ്രദ്ധ നൽകാൻ ബുദ്ധിമുട്ട്.
- അസാധാരണമായ സങ്കടം, ദേഷ്യം, ഭയം, ഉത്കണ്ഠ.
- വളരെ രഹസ്യമായി ഫോണിലും ഓൺലൈനിലും സമയം ചിലവഴിക്കുക.
- ആത്മവിശ്വാസം നഷ്ടപ്പെടുക.
- കൂട്ടുകാരിൽനിന്നും കുടുംബത്തിൽനിന്നും അകന്നു നിൽക്കുക; ഒറ്റപ്പെടുക.
- മോഷണം; അകാരണമായി പണം ആവശ്യപ്പെടുക.
- നിങ്ങൾ വാങ്ങിയതല്ലാത്ത പുതിയ സാധനങ്ങൾ കൈവശം വെക്കുക.
- പ്രായത്തിന് അനുയോജ്യമല്ലാത്ത ലൈംഗിക സംഭാഷണങ്ങളും പ്രവർത്തികളും.
- സാധാരണയായി ഓൺലൈനിൽ ചിലവഴിക്കുന്ന സമയത്തിൽ പെട്ടെന്നുള്ള മാറ്റം (വർദ്ധനവ് അല്ലെങ്കിൽ കുറവും ആവാം).
- ലൈംഗികതയെക്കുറിച്ചും ലൈംഗിക പ്രവർത്തികളെക്കുറിച്ചും പ്രായത്തിന് ഉചിതമല്ലാത്തതും തെറ്റായിട്ടുമുള്ള ധാരണകൾ.
- സോഷ്യൽ മീഡിയയിൽ അപരിചിതരായ സുഹൃത്തുക്കൾ ഉണ്ടാവുക.
- രഹസ്യമായി ഇടപഴകുന്ന ഒരു പുതിയ 'സുഹൃത്ത്' അവർക്ക് ഉണ്ടാവുക.
- മറ്റുള്ളവരെ ഭീഷണിപ്പെടുത്തുകയോ അപമാനിക്കുകയോ ചെയ്യുന്ന സ്വഭാവം.
- മദ്യം/ലഹരി ഉപയോഗം തുടങ്ങുക.
- സ്വന്തം ശരീരത്തിൽ മുറിവേൽപ്പിക്കാനോ, ആത്മഹത്യ ചെയ്യാനോ ഉള്ള പ്രവണത.
- കുട്ടിക്കാലത്തെ പഴയ ശീലങ്ങളിലേക്ക് തിരിച്ചു പോവുക (ഉദാഹരണത്തിന്, കിടക്കയിൽ മൂത്രമൊഴിക്കുക, വിരൽ കുടിക്കുക).
- രാത്രിയിലും അടച്ച മുറിക്കുള്ളിലും ഉള്ള അമിതമായ ഗാഡ്ജറ്റ് ഉപയോഗം.
- അവരുടെ ഫോണോ മറ്റു ഗാഡ്ജറ്റോ മറ്റുള്ളവർ എടുക്കുമ്പോൾ ഉണ്ടാകുന്ന അമിതമായ ഭയവും രോഷവും.

കുട്ടികളിൽ ഇത്തരം ലക്ഷണങ്ങൾ കണ്ടാൽ, പെട്ടെന്ന് ഫോൺ/ഗാഡ്ജറ്റുകൾ വാങ്ങി വെക്കാതെ, അവരോടൊപ്പമിരുന്ന് സമാധാനത്തോടെ കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കുക, അവരെ പറഞ്ഞു മനസ്സിലാക്കുക. നിങ്ങൾ അവരോടൊപ്പം ഉണ്ടാകുമെന്നും ഈ സാഹചര്യത്തിലൂടെ കടന്ന് പോകാൻ സഹായിക്കുമെന്നും ഉറപ്പ് നൽകുക.

എഴുതിയത്: സൽമ ജെന്നത്
വിവർത്തനം: ബോധിനി ടീം